# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8090 | 17.07.2014 ൽ മറുപടിക്ക്

## മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ബയോ മെഡിക്കൽ (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) റൂൾസ് 1998 പ്രകാരമാണ് ആന്തരികാവയവങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ഐ.എം.എ.യുടെ സംരംഭമായ 'ഇമേജ്' വഴിയാണ് നടപ്പിലാക്കിവരുന്നത്. മറ്റ് മാലിന്യങ്ങൾ ഇൻസിനറേറ്റർ ഉപയോഗിച്ച് നശിപ്പിക്കുകയാണ് ചെയ്യുന്നത്. |
| (സി) സംസ്ഥാനത്തെ ആശുപത്രി പരിസരങ്ങളിൽ മാലിന്യത്തോടൊപ്പം നീക്കം ചെയ്യപ്പെട്ട ആന്തരികാവയവങ്ങളും മറ്റ് മനുഷ്യാവയവങ്ങളും കാണപ്പെട്ടതായ വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് എല്ലാ ആശുപത്രികളും മാനദണ്ഡപ്രകാരം ഇവ കൈകാര്യം ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധനകൾ കർശനമാക്കുമോ? | (ഡി) | ആശുപത്രിതലത്തിൽ സൂപ്രണ്ടും ആർ.എം.ഒ. മാരും ഇക്കാര്യത്തിൽ മേൽനോട്ടം നൽകുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ നിന്ന് ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ തുടങ്ങിയവരും, സംസ്ഥാനതലത്തിൽ നിന്ന് ജില്ലകളുടെ ചാർജ്ജുള്ള ആഫീസർമാരും ആശുപത്രികളിൽ മേൽനോട്ടത്തിനായി സന്ദർശനം നടത്തുമ്പോൾ ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനവും പരിശോധിച്ച് വരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ശാസ്ത്രീയമായ രീതിയിൽ ആന്തരികാവയവങ്ങളും മറ്റ് മനുഷ്യാവയവങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ